## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *230 — 19.03.2015 ൽ മറുപടിക്ക്.

### സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. എം. എ. വാഹീദ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചത്; വിശദമാക്കുമോ; | (എ) സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് 5.11.2013 ലെ സ.ഉ (എം.എസ്) നം. 135/13/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ, ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും, ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഓൺലൈൻ മുഖേന നിരീക്ഷിക്കുന്നതിനും, വേജ് പ്രൊട്ടക്ഷൻ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും, ആയത് സ്ഥാപനത്തിൽ പോകാതെ പരിശോധിക്കുന്നതിനും, വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് ഇൻസ്പെക്ടർമാർക്ക് നിയമനടപടികൾ സ്വീകരിക്കാനും ഇതിലൂടെ കഴിയുന്നതാണ്. |

(ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

(ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ മറ്റ് സർക്കാരിതര സ്ഥാപനങ്ങളിലെ നഴ്സുമാരുൾപ്പെടെയുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിക്കുകയും ടി സമിതിയുടെ ശുപാർശ പ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം വേതനം ഗസറ്റിലൂടെ വിജ്ഞാപനം ചെയ്ത് ആയത് 2013 നവംബർ മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടു ണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും ജില്ലാ ലേബർ ഓഫീസറുടേയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കി നിശ്ചയിക്കപ്പെട്ട മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ.